# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 54 11.12.2012 ലെ മറുപടിക്ക്

**സംസ്ഥാനത്തെ റെയിൽവേ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>,, കെ. വി. അബ്ദുൾ ഖാദർ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ്മന്ത്രി | |
| (എ) | അടുത്ത റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം കാര്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനായി ആവശ്യമായ വകയിരുത്തലുകൾ 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് 2012 നവംബർ മാസം ഒരു വിശദമായ നിവേദനം സമർപ്പിച്ചിട്ടുണ്ട്. നിവേദനത്തിന്റെ വിശദാംശം അനുബന്ധം-I ആയി വച്ചിരിക്കുന്നു. |
| (ബി) | കഴിഞ്ഞ പ്രാവശ്യം സംസ്ഥാനം ആവശ്യപ്പെട്ട എന്തെല്ലാം കാര്യങ്ങൾ റെയിൽവേ പൂർണ്ണമായും പ്രാവർത്തികമാക്കിയെന്ന് വിശദമാക്കുമോ ; | (ബി) | കഴിഞ്ഞ പ്രാവശ്യം സംസ്ഥാനം ആവശ്യപ്പെട്ട കാര്യങ്ങളിൽ പ്രധാനപ്പെട്ടവയുടെ ഇപ്പോഴത്തെ സ്ഥിതി അനുബന്ധം-II ആയി വച്ചിരിക്കുന്നു. |
| (സി) | പാതയിരട്ടിപ്പിക്കൽ, വൈദ്യുതീകരണം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ കൂടുതൽ പരിഗണനയ്ക്ക് സംസ്ഥാനത്തിന് അർഹതയുണ്ടെന്ന് മുൻകൂട്ടി | (സി) | സംസ്ഥാനത്തിന്റെ റയിൽവേ ആവശ്യങ്ങൾ നടപ്പിലാക്കാനായി ആവശ്യമായ വകയിരുത്തലുകൾ 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ |

| | | | |
|---|---|---|---|
| | റെയിൽവേ മന്ത്രാലയത്തെ അറിയിക്കുന്നതിന് ഒരു അഖിലകക്ഷി പ്രതിനിധി സംഘത്തെ അയയ്ക്കാൻ നടപടി സ്വീകരിക്കുമോ ? | | ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് 2012 നവംബർ മാസം ഒരു വിശദമായ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ നിവേദനത്തിന് ലഭിക്കുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിന്നുമുള്ള കേന്ദ്ര മന്ത്രിമാരും എം.പി.മാരുമായി വിശദമായ ചർച്ചനടത്തി 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ട കാര്യങ്ങൾ തീരുമാനിച്ച് 2013-14 ലെ റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര സർക്കാരിനെ അറിയിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

2013-14 ലെ റയിൽവേ ബഡ്ജറ്റിൽ 2004-2005 മുതലുള്ള റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ റയിൽവേ വികസനവുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ നടപ്പിലാക്കാനാവശ്യമായ വകയിരുത്തലുകൾക്കൊപ്പം, 2013-14 ൽ മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾക്കും പണികൾക്കും കേരളത്തിൽ നിന്നുമുള്ള ബഹു. കേന്ദ്രമന്ത്രിമാർ, എം.പിമാർ എന്നിവരുടെ അഭിപ്രായാനുസരണം 2013-14 ൽ നടപ്പിലാക്കേണ്ട മറ്റ് പ്രധാന ആവശ്യങ്ങൾക്കും ഉള്ള വകയിരുത്തലുകളും വേണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഇതുവരെ പ്രഖ്യാപിക്കപ്പെട്ടവയിൽ പ്രധാനമായും പാലക്കാട് കോച്ച് ഫാക്ടറി, ആട്ടോകാസ്റ്റ്, സിൽക്ക് എന്നിവയുമായി ചേർത്തലയിൽ റയിൽവേയുടെ കൂട്ടു സംരംഭം, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, പെനിൻസുലാർ റയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക്ക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ ലോകനില വാരത്തിലേക്കുയർത്തുന്നത്, എറണാകുളം, പാലക്കാട്, കാസറഗോഡ്, മാവേലിക്കര തിരുവനന്തപുരം എന്നിവിടങ്ങളിൽ മൾട്ടി ഫംക്ഷണൽ കോംപ്ലക്സുകൾ, റയിൽ യാത്രി സേവക് സംവിധാനം, ആദർശ് സ്റ്റേഷനുകൾ, പാലക്കാട് കോൺക്രീറ്റ് സ്ലീപ്പർ പ്ലാന്റ്, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, ഹൈസ്പീഡ് റയിൽ കോറിഡോർ, പുതിയ ട്രെയിനുകൾ, പി.ആർ.എസും ടിക്കറ്റ് കൗണ്ടറുകളും, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, യാത്രക്കാരുടെ സുരക്ഷ, ആളില്ലാ ലവൽ ക്രോസിംഗുകളിൽ ആളെ നിയമിക്കുന്നത് തുടങ്ങിയവയും, കൂടാതെ കോട്ടയം റയിൽവേ സ്റ്റേഷനിലെ ഗുഡ്സ്യാർഡ് ഏറ്റുമാനൂരേക്ക് മാറ്റുന്നതും, നെടുമ്പാശ്ശേരി, കണ്ണൂർ, കണ്ണൂർ സൗത്ത്, ചിറക്കൽ, വളപട്ടണം ധർമ്മടം, പാപ്പിനിശ്ശേരി, ഇടക്കാട്, ഷൊർണൂർ, കാസറഗോഡ്, കാഞ്ഞങ്ങാട്, ചെറുവത്തൂർ, നീലേശ്വരം, കോട്ടിക്കുളം, പയങ്ങാടി, കണ്ണപുരം, മഞ്ചേശ്വരം, പയ്യന്നൂർ, ബേക്കൽ ഫോർട്ട്, തൃക്കരിപ്പൂർ, ഏഴിമല, വടക്കാഞ്ചേരി, മുളംകുന്നത്ത്കാവ്, വില്ലിംഗ്ടൺ ഐലന്റ്, കുമ്പളം, മുളന്തുരുത്തി, കാഞ്ഞിരമറ്റം, പിറവം, വൈയ്ക്കം, കുറുപ്പന്തറ, ഏറ്റുമാനൂർ, ചിങ്ങവനം,കോട്ടയം, പത്തനാപുരം, ചാലക്കുടി, കൊരട്ടിഅങ്ങാടി, നേമം എന്നീ റയിൽവേ സ്റ്റേഷനുകളിൽ ആവശ്യത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, പുതിയ ട്രെയിനുകൾ, നിലവിലുള്ളവയുടെ ദീർഘിപ്പിക്കൽ, ആവർത്തനം വർദ്ധിപ്പിക്കൽ, സ്റ്റോപ്പുകൾ, അധിക കോച്ചുകൾ, ഡൽഹി മുംബൈ കേരള ഹൗസുകളിൽ പി.ആർ.എസ്. സംവിധാനം, ഡൽഹി, മുംബൈ തുടങ്ങിയ നഗരങ്ങളിലേക്ക് പുതിയ ട്രെയിനുകൾ നിലവിലുള്ള ട്രെയിനുകളുടെ ആവർത്തനം വർദ്ധിപ്പിക്കൽ, വടക്കാഞ്ചേരി റയിൽവേ സ്റ്റേഷനിൽ കൃഷിക്കാർക്കായി പാഴ്സൽ ബുക്കിംഗ് തുടങ്ങിയവയാണ് നിവേദനത്തിലുന്നയിച്ചിരിക്കുന്ന പ്രധാന ആവശ്യങ്ങൾ.

സെക്ഷൻ ഓഫീസർ

അനുബന്ധം II

1. പാലക്കാട്, കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി

പാലക്കാട് റയിൽ കോച്ച് ഫാക്ടറി കൂട്ടുസംരംഭം മുഖേന നടപ്പിലാക്കുന്നതിന് പങ്കാളിയെ കണ്ടെത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആറ് മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് റെയിൽവേ ബോർഡ് ചെയർമാൻ പറഞ്ഞിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തണമെന്നും ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നിവേദനം സമർപ്പിച്ചിട്ടുണ്ട്.

2. ചേർത്തല വാഗൺ ഫാക്ടറി

ചേർത്തല വാഗൺ ഫാക്ടറിക്കായി തിരുവിഴയിലെ സൈറ്റ് കുറച്ച് കൂടി ഭൂമി ഏറ്റെടുത്ത് ഫാക്ടറിക്ക് അനുയോജ്യമായ ആകൃതിയാക്കാമെന്ന് റയിൽവേയോട് അഭിപ്രായത്തിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

3. പുതിയ ട്രെയിനുകൾ

കേരളത്തിനുവേണ്ടി 2011-12 ലേക്ക് പ്രഖ്യാപിച്ച 11 ട്രെയിനുകളിൽ താഴെപ്പറയുന്നവ ഓട തുടങ്ങിയിട്ടുണ്ട്.

1. ട്രെയിൻ നം: 19261/19262 - കൊച്ചുവേളി പോർബന്ദർ എക്സ്പ്രസ്സ്.
2. ട്രെയിൻ നം. 15905/15906 - കന്യാകുമാരി - തിരുവനന്തപുരം- ദിബ്രുഗഡ് വീക്കലി വിവേക് എക്സ്പ്രസ്സ്
3. ട്രെയിൻ നം. 22852/22851 മംഗലാപുരം - സാന്ദ്രാഗാച്ചി (ഹൗറ) വീക്കിലി വിവേക് എക്സ്പ്രസ്സ്.
4. ട്രെയിൻ നം. 16350/16349 - നിലമ്പൂർ റോഡ് - തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ്.
5. ട്രെയിൻ നം. 19259/19260 - കൊച്ചുവേളി - ഭാവ്നഗർ വീക്ക്ലി എക്സ്പ്രസ്സ്.
6. ട്രെയിൻ നം. 22816/22815 - എറണാകുളം - ബിലാസ്പൂർ വീക്കിലി എക്സ്പ്രസ്സ്.
7. ട്രെയിൻ നം. 22609/22610 - മംഗലാപുരം - പാലക്കാട് പ്രതിദിന ഇന്റർ സിറ്റി എക്സ്പ്രസ്സ്.
8. 6630-66301-കൊല്ലം എറണാകുളം മെമു.
9. 66302 - 66303 - കൊല്ലം എറണാകുളം മെമു.
10. ട്രെയിൻ നം 66304/ 66305 കൊല്ലം നാഗർകോവിൽ മെമു.

ട്രെയിൻ നം 22207/22208 ചെന്നൈ സെൻട്രൽ തിരുവനന്തപുരം ദ്വൈവാര A/C Duronto എക്സ്പ്രസ്സ്, എന്ന ട്രെയിൻ കൂടി ഓടി തുടങ്ങുവാനുണ്ട്.

3. റയിൽവേയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിൽ റയിൽവേ സ്വീകരിച്ച നടപടി/നൽകിയ ഉറപ്പ്

1. തിരുവനന്തപുരത്ത് ഒരു സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നിയമിച്ചു.

2. ഹരിപ്പാടിനും കായംകുളത്തിനും ഇടയിലുള്ള റയിൽപാത ഇരട്ടിക്കൽ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. എറണാകുളം - കുമ്പളം , കുമ്പളം - തുറവൂർ, അമ്പലപ്പുഴ - ഹരിപ്പാട് സെക്ഷനുകളുടെ ഇരട്ടിപ്പിക്കൽ പദ്ധതി സ്ഥലം കൈമാറുന്ന മുറയ്ക്ക് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ് എന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്.

3. ഷൊർണ്ണൂർ കണ്ണൂർ റയിൽപാതയുടെ വൈദ്യുതീകരണം 2013 മാർച്ച് മാസത്തോടെയും കണ്ണൂർ - മംഗലാപുരം റയിൽപാതയുടെ വൈദ്യുതീകരണം 2014 മാർച്ച് മാസത്തോടെയും പൂർത്തിയാകുന്നതാണ്.

4. 2014 അവസാനത്തോട് കൂടിയോ 2015 ആദ്യമോ പുനലൂർ - ചെങ്കോട്ട റയിൽ പാതയുടെ ഗേജ് മാറ്റവും പൊള്ളാച്ചി - പാലക്കാട് റയിൽ പാതയുടെ ഗേജ് മാറ്റം 31.3.2012 നും പൂർത്തിയാക്കുന്നതുമാണ്.

5. അങ്കമാലി - കാലടി റയിൽ പാതയുടെ പണി 30.6. 2012 ഓടെ പൂർത്തിയാക്കുന്നതാണ്.

6. ചെന്നൈ - ബാംഗ്ലൂർ- എറണാകുളം- തിരുവനന്തപുരം ഹൈസ്പീഡ് റയിൽ കോറിഡോർ പദ്ധതിയുടെ പ്രീ - ഫീസിബിലിറ്റി പഠനം പ്രഖ്യാപിച്ചു.

സെക്ഷൻ ഓഫീസർ